# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4035** 15-07-2022 - ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നടക്കുന്ന ഇന്റഗ്രേഷൻ നടപടികൾക്ക് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഇല്ല. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ 2022 ഫെബ്രുവരി 19 മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വരികയും പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയുമുണ്ടായി. വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് താല്ക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.<br><br>വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുൻസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട് എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022 ലെ തദ്ദേശസ്വയംഭരണ പൊതുസർവീസ് ഓർഡിനൻസ് (2022 ലെ 5-ാം നമ്പർ) തീയതി 31.03.2022 പുറപ്പെടുവിച്ചു.<br><br>പൊതു സർവ്വീസിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തും 25.06.2022-ലെ സ.ഉ(കൈ)നം.134/2022/ എൽ.എസ്.ജി.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ